## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 106**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ പ്രിയരേ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭ ആഗോള സഭയായി വളർന്നതിൽ മാർത്തോമ്മാ സഭാംഗങ്ങളായ പ്രവാസി സമൂഹത്തിനുള്ള പങ്ക് നിസ്തുലവും ശ്രേഷ്ഠവുമാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ കുടിയേറിയ നമ്മുടെ സഭാംഗങ്ങൾ എവിടെയൊക്കെ എത്തിയോ അവിടെയൊക്കെ പ്രാർത്ഥനായോഗങ്ങളും, കോൺഗ്രിഗേഷനുകളും ഇടവകകളും രൂപീകരിക്കുന്നതിന് മുന്നിട്ടിറങ്ങി സഭാംഗങ്ങളെ ദൈവീക ബന്ധത്തിലും സഭാസ്നേഹത്തിലും കൂട്ടായ്മാ ബന്ധത്തിലും നിലനിർത്തുന്നതിന് നൽകിയ നേതൃത്വം വിലപ്പെട്ടതാണ്.

ദേശ, ഭാഷാ, സാംസ്കാരിക വൈവിധ്യങ്ങൾ ഉള്ള സമൂഹത്തിൽ സഭയുടെ തനിമ നിലനിർത്തി അവർ ആരാധനയിൽ സജീവമായി പങ്കെടുക്കുകയും സേവന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്തുവരുന്നു. അവരുടെ ശുശ്രൂഷകളെ നന്ദിപൂർവ്വം ഓർക്കുന്നു.

നമ്മുടെ പ്രവാസി സമൂഹത്തിന്റെ ദീർഘനാളായുള്ള ആഗ്രഹവും അഭ്യർത്ഥനയുമായിരുന്നു വർഷത്തിൽ ഒരു ഞായർ പ്രവാസി ഞായർ ആയി വേർതിരിക്കണമെന്നത്. പ്രവാസി സമൂഹം എന്ന നിലയിലുള്ള ലളിതമായ ആരംഭത്തെ ഓർക്കുന്നതിനും ഇതുവരെ വഴി നടത്തിയ ദൈവത്തിന്റെ വൻ കൃപകൾക്ക് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നതിനും പ്രവാസ ജീവിതം തുടർന്നും അനുഗ്രഹകരമാകുന്നതിനും അവർക്കായി പ്രാർത്ഥിക്കുന്നതിനുമായി എല്ലാ വർഷവും നവംബർ മാസത്തിലെ നാലാം ഞായറാഴ്ച **പ്രവാസി ഞായർ** (Diaspora Sunday) ആയി നമ്മുടെ ഇടവകകളിൽ ആചരിക്കുന്നതിന് ബഹു. എപ്പിസ്ക്കോപ്പൽ സിനഡ് തീരുമാനിച്ചിരിക്കുന്ന വിവരം അറിയിക്കുന്നതിൽ സന്തോഷമുണ്ട്. നമ്മുടെ ധാരാളം യുവജനങ്ങൾ ഉന്നത വിദ്യാഭ്യാസത്തിനും ജോലിക്കുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ അവർക്ക് ഉത്തമമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ആവശ്യമായ ആദ്ധ്യാത്മിക പരിപോഷണം നൽകുന്നതിനും ഇടവകകൾക്ക് കടമയുണ്ട് എന്ന വസ്തുതയും ഓർമ്മിപ്പിക്കുന്നു.

ഈ വർഷം നവംബർ 26–ാം തീയതി പ്രവാസി ഞായർ ആയി എല്ലാ ഇടവകകളിലും ആചരിക്കേണ്ടതാണ്. പ്രവാസി ഞായർ ആചരണം അർത്ഥവത്തായ രീതിയിൽ നടത്തുന്നതിനും അതിലൂടെ ദൈവരാജ്യ നിർമ്മിതിയിൽ വർദ്ധിതമായ രീതിയിൽ പങ്കാളിത്തം വഹിക്കുന്നതിനും ഇടയാകട്ടെ. സഭയിലും സമൂഹത്തിലും ഉത്തമ സാക്ഷികളും കാര്യവിചാരകരുമായി ഫലപ്രദമായ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് പ്രവാസി ഞായർ ആചരണം മുഖാന്തിരമാകുവാൻ എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണമുണ്ടാകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെയിരിക്കുമാറാകട്ടെ.

തിരുവല്ല പൂലാത്തീനിൽ നിന്നും 2023 ആഗസ്റ്റ് മാസം 31–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No: 106**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

The Malankara Mar Thoma Syrian Church has grown into a global church today. The role that the Mar Thoma Diaspora community has played in such an achievement is great and unparalleled. The members of our Church, who have migrated to different parts of the world, have taken the initiative and leadership to establish prayer meetings, congregations and parishes wherever they have travelled. These initiatives have been valuable to the members of the Church to maintain a relationship with God, love for the Church, and fellowship with each other.

They have been actively participating in worship and cooperating in service activities, maintaining the uniqueness of the Church in a society with national, linguistic and cultural diversity. Their services are gratefully acknowledged.

It has been a long-standing desire and request of our expatriate community to set aside one Sunday in the year as Diaspora Sunday. We are pleased to inform you that the Episcopal Synod has decided to celebrate the 4th Sunday of November every year as **Diaspora Sunday** in our parishes, to commemorate the simple beginnings as a diaspora community, to give thanks for God's great graces that have led the way so far, and to pray for the continued blessings upon the diaspora community. It also reminds us of the fact that, in the current situation where many of our youth are going to different parts of the world for higher education and work, the parishes have a duty to provide them with good guidance and the necessary spiritual nurturing.

This year, 26th November is to be observed as Diaspora Sunday in all parishes. Let the celebration of the Diaspora Sunday be a meaningful opportunity to participate in the building of God’s Kingdom. We exhort the prayerful cooperation of all that the observance of the Diaspora Sunday may lead to effective ministry as good witnesses and stewards in the Church and society.

Grace be with you all.

Dated 31st August 2023 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**